# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കീരമ്പാറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി14-1884/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 29/12/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കീരമ്പാറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി14-1884/22 തീയ്യതി: 29/12/2022

## എറണാകുളം ജില്ലയിലെ കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 14-10-2022 | 22-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-10-2022 | 22-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ എൻ.വിജയകുമാർ (ഓഡിറ്റ് ഓഫീസർ,ഹ.ഗ്രേഡ്)
ശ്രീ അജ്മൽ എ എസ് (ഓഡിറ്റ് ഓഫീസർ)
ശ്രീ ജോസഫ് ജോർജ്(സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ അനീഷ് ടി.എസ്(ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ വി സി ചാക്കോ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ എ ബി മൈതീൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 07-04-2021 |
| ശ്രീമതി ജയശ്രീ ആർ | സെക്രട്ടറി | 08-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി നസീമ സി എം | അസി.എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീ ബോസ് മത്തായി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി സ്വപ്ന മാത്യു | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 23-11-2021 |
| ശ്രീമതി ഹസീന കെ എച്ച് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 24-11-2021 | 31-03-2022 |
| ഡോ മുഹമ്മദ് ഇർഷാദ് | വെറ്ററിനറി സർജൻ | 01-04-2021 | 20-12-2021 |
| ഡോ ഷൈജു ആർ | വെറ്ററിനറി സർജൻ | 21-12-2021 | 31-03-2022 |
| ഡോ ലിൻസി നൈനാൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ രേണു എം നായർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ എം എം ബക്കർ | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 01-04-2021 | 31-05-2021 |
| ഡോ വിജിത എ എസ് | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 01-06-2021 | 15-07-2021 |
| ഡോ ബാബു കെ എസ് | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 16-07-2021 | 15-10-2021 |
| ഡോ വിജിത എ എസ് | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 16-10-2021 | 30-01-2022 |
| ഡോ നിർമ്മല പ്രതാപ് പി | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 31-01-2022 | 31-03-2022 |
| ശ്രീമതി എലിസബത്ത് സി ജോർജ്ജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ മുഹമ്മദ് എസ് എം | ഹെഡ്മാസ്റ്റർ,ജി എൽ പി എസ് | 01-04-2021 | 26-10-2021 |

| | | | |
|---|---|---|---|
| ശ്രീമതി മോളിക്കുട്ടി വി എ | ഹെഡ്മാസ്റ്റർ,ജി എൽ പി എസ് | 27-10-2021 | 31-03-2022 |
| ശ്രീ സിറാജ് എം എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, നാട്ടുകാണി | 01-04-2021 | 11-08-2021 |
| ശ്രീ ജുനൈദ് ടി എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, നാട്ടുകാണി | 12-08-2021 | 13-09-2021 |
| ശ്രീ ബിനിൽ സി മോഹൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, നാട്ടുകാണി | 14-09-2021 | 31-03-2022 |
| ശ്രീ സിറാജ് എം എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കീരമ്പാറ | 01-04-2021 | 11-08-2021 |
| ശ്രീ ജുനൈദ് ടി എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കീരമ്പാറ | 12-08-2021 | 13-09-2021 |
| ശ്രീ ജോമിറ്റ് തോമസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കീരമ്പാറ | 14-09-2021 | 03-01-2022 |
| ശ്രീ ബിനിൽ സി മോഹൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കീരമ്പാറ | 04-01-2022 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | ഗ്രാമസഭ | 1-11 |
| 13 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-12 |
| 14 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 1-13 |
| 15 | സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ/ലൈസൻസ് | 1-14 |
| 16 | വീട്ടുകരം ഒഴിവാക്കിയതിന് വിമുക്ത ഭടന്മാരുടെ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-15 |
| 17 | ആട് വിതരണം - യൂണിറ്റ് കോസ്റ്റ് പ്രകാരമുള്ളതിലും അധികം സബ്സിഡി നൽകി | 1-16 |
| 18 | അങ്കണവാടി അനുപൂരക പോഷകാഹാരവിതരണം -ജി.എസ്.ടി ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല | 1-17 |
| 19 | യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല. | 1-18 |
| 20 | ബിറ്റുമിൻ ബാരൽ വില ക്രമ വിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നു. | 1-19 |
| 21 | ഇ ടെണ്ടർ ഇടപാടുകൾക്കായുള്ള ബാങ്ക് അക്കൗണ്ട് - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. | 1-20 |
| 22 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - നിർവ്വഹണത്തിലെ അപാകതകൾ | 1-21 |
| 23 | കമ്മിറ്റി തീരുമാനങ്ങളിൽ സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-22 |
| 24 | മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:- | 1-23 |

| | | |
|---|---|---|
| 25 | ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല | 1-24 |
| 26 | കേരള വാട്ടർ അതോറിറ്റിയ്ക്ക് കുടിശ്ശിക തുക നൽകാനുള്ളത് സംബന്ധിച്ച് | 1-25 |
| 27 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ പങ്ക് | 1-26 |
| 28 | സാക്ഷരത പ്രേരക്കിന് ഹോണറേറിയം നല്കിയത് | 1-27 |
| 29 | സാക്ഷരത മിഷൻ തുല്യതാപഠനം-ഫീസ് നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-28 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്-സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തികവർഷത്തേക്കുള്ള കരട് ബജറ്റ് ഭരണസമിതിയുടെ 26.02.2021 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയുമുണ്ടായി. ഭരണസമിതിയുടെ 02.03.2022 തീയതിയിലെ 1(1) തീരുമാനപ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകുകയുമുണ്ടായി. വിശദവിവരം ചുവടെ ചേർക്കുന്നു.

| ബജറ്റ് പ്രകാരം | |
|---|---|
| വരവ് | 164354478 |
| ചെലവ് | 163676057 |

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കുകൾ പ്രകാരമുള്ള യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ വലിയ അന്തരമുള്ളതായി കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് | യഥാർത്ഥ വരവ് -ചെലവ് |
|---|---|---|
| വരവ് | 164354478 | 67470259 (മുൻബാക്കി ഒഴികെ) |
| ചെലവ് | 163676057 | 70853394 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും യഥാർത്ഥ വരവ് ചെലവും തമ്മിലുള്ള വ്യത്യാസം കുറയ്ക്കുന്നതിലേക്കായി മുൻവർഷത്തെ വരവ് ചെലവ് കണക്കുകൾ കണക്കിലെടുത്ത് യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 22.06.2022 |

### 1-2-1 വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1) വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)

2) ട്രഷറി സ്പെഷ്യൽ ടി എസ് ബി - ജോയിന്റ് വെൻച്വർ അക്കൗണ്ടിലെ ബാലൻസ് തുകയും ഇതുമായി ബന്ധപ്പെട്ടുള്ള ബി-4 ഷെഡ്യൂളിലെ തുകയും പൊരുത്തപ്പെടുന്നില്ല. ഇവയുടെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതമായി ബാലൻസ് ഷീറ്റ് ബി ഷെഡ്യൂളിൽ ഉൾപ്പെട്ടിരിക്കുന്ന തുക ചെലവഴിക്കുന്നതിനോ പദ്ധതി നടപ്പാകാത്ത സാഹചര്യത്തിൽ തുക തിരിച്ചടക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്യുന്നില്ല.
3) വാർഷിക കണക്കിലെ Advance For Official Purposes Rs.5000/-, Advance To Implementing Officers Rs.93329/-, Other Advances Rs.33120, Advance To Other Accredited Agencies Rs.8132/- Advance To CDS Rs.6500/- ശീർഷകത്തിലുള്ള തുകകളും ക്രമീകരിച്ചിട്ടില്ല. ഈ ശീർഷകങ്ങളിൽ നൽകിയ വിശദവിവരങ്ങളും അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.
4) വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

5) ഇ-ടെണ്ടർ ഫോറത്തിന്റെ വിലയായി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും തൻവർഷം ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക ഡിമാന്റ് ചെയ്യുന്നില്ല. ഈയിനത്തിൽ ലഭിച്ചതും ലഭിക്കാനുള്ളതുമായ തുകകളുടെ വിശദാംശങ്ങൾ നിലവിൽ ലഭ്യമല്ല. ഇ-ടെണ്ടർ ഇനത്തിലുള്ള തുകകൾ ഓൺലൈനായി ക്രെഡിറ്റ് ചെയ്യുന്നത് പ്രത്യേക അക്കൗണ്ടിന് പകരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിലുള്ള സേവിംഗ്സ് അക്കൗണ്ടിലാണ്. ഈ അക്കൗണ്ടിലെ നീക്കിയിരുപ്പ് തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നില്ല.

6) ട്രഷറി റ്റി.പി അക്കൗണ്ടിൽ 100 രൂപ ബാലൻസ് വർഷങ്ങളായി വാർഷിക കണക്കിൽ ഉൾപ്പെടുത്തി വരുന്നുണ്ട്. ഈ അക്കൗണ്ടിന്റെ നിലവിലെ സ്ഥിതിയോ നിലവിലെ ബാലൻസോ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | 9907905 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 67470259 |
| ആകെ | | 77378164 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | 70853394 |
| നീക്കിയിരിപ്പ് | | 6524770 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1,663,871 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 8279833 | 8279833 | 8279833 | | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3427234 | 3427234 | 3427234 | 0 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 9908000 | 9908000 | 9649951 | | 258049 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4853319 | 4853319 | 3513943 | | 1339376 |
| ധനകാര്യ കമ്മീഷൻ അവാർഡ് ( Tied) | 0 | 4504732 | 4504732 | 2853429 | | 1651303 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Un Tied) | 0 | 2350773 | 2350773 | 1138228 | | 1212545 |
| കേന്ദ്രാ വിഷ്കൃത ഫണ്ട്- സമ്പൂർണ്ണ ശുചിത്വം | 1738733.00 | 133,138.00 | 1871871.00 | 1,200,485.00 | 671,386.00 | |

| | | | | | | |
|---|---|---|---|---|---|---|
| ICDS-<br>320<br>100<br>121 | 729699.00 | 634,773.00 | 1364,472.00 | 558,565.00 | 805,907.00 | |
| Solid Waste | 890809.00 | 0 | 890809.00 | 37,138.00 | 853,671.00 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പദ്ധതി പൂർത്തീകരിച്ചത് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 161 | 131329394 | 139 | 55121692 | 123 | 16 | 22 | 76.40% |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 318749 | 318749 | 318749 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 10584550 | 10584550 | 10584550 | 0 |
| ആകെ | 0 | 10903299 | 10903299 | 10903299 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 3063200 | 188 |
| വിധവാപെൻഷൻ | 8195200 | 528 |
| വാർദ്ധക്യകാലപെൻഷൻ | 14786700 | 1024 |
| വികലാംഗപെൻഷൻ | 3043800 | 192 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 959400 | 61 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 30000 | 1 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.10.2022 ന് സ്ഥാപന മേധാവിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി, പരിശോധനയിൽ 2977/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.
2 ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു

വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
3. വെള്ളക്കരമിനത്തിൽ ഭീമമായ തുക കുടിശ്ശികയായി നിൽക്കുന്നു. ഇത് പഞ്ചായത്തിന് വൻ സാമ്പത്തിക ബാധ്യതയായി മാറിയിരിക്കുന്നു.
4.വാങ്ങൽ നടപടികളിൽ സ്റ്റോർ പർച്ചേസ് നിബന്ധനകൾ കൃത്യമായി പാലിക്കപ്പെടുന്നില്ല.
5.മരാമത്ത് പ്രവൃത്തികളുടെ യഥാസമയമുള്ള പൂർത്തീകരണം ഉറപ്പാക്കുന്നില്ല.
6. പഞ്ചായത്തിലെ ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.02.2021 | ഏപ്രിൽ 2020- ഡിസംബർ 2020 | 03.11.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.10.2018 മുതൽ 02.11.2018 വരെ | 2013-14 മുതൽ 2017-18 വരെ | 30.11.2018 |

## 1-11 ഗ്രാമസഭ

2021-22 സാമ്പത്തിക വർഷത്തിൽ കോവിഡ് പശ്ചാത്തലത്തിൽ നിയമപ്രകാരമുള്ള കാലയളവിൽ ഗ്രാമസഭകൾ കൂടുന്നതിന് സാധിച്ചിട്ടില്ല. വാർഷിക പദ്ധതി രൂപീകരണം, ഗുണഭോക്തൃ ലിസ്റ്റ് സാധൂകരണം, തൊഴിലുറപ്പ് പദ്ധതി എന്നിവയുമായി ബന്ധപ്പെട്ട് രണ്ട് ഗ്രാമസഭകൾ വീതമാണ് ചേർന്നിട്ടുള്ളത്.

## 1-12 തൊഴിൽ നികുതി ഈടാക്കിയില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 മുതൽ 205 വരെയുള്ള വകുപ്പുകൾ പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതിക്ക് വിധേയനാകും. എന്നാൽ, ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തിൽ മേൽപ്രകാരം തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 16/2021-22 തീയതി 20/10/22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയ വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നം | ജീവനക്കാരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | അനിൽ ഗ്രാനൈറ്റ്സ് | 113/21-22 | 7 | ആദ്യ പകുതിയും രണ്ടാം പകുതിയും |
| 2 | ഡിലൈറ്റ് ഡിസ്ട്രിബ്യൂട്ടേഴ്സ് | 119/21-22 | 6 | ആദ്യ പകുതിയും രണ്ടാം പകുതിയും |
| 3 | അരുൺ എന്റർപ്രൈസസ് | 124/21-22 | 3 | ആദ്യ പകുതിയും രണ്ടാം പകുതിയും |
| 4 | സെന്റ് മേരി ഇൻഡസ്ട്രീസ് | 125/21-22 | 3 | ആദ്യ പകുതിയും രണ്ടാം പകുതിയും |
| 5 | ഗ്ലെന്റാ അക്വാ ഫുഡ്സ് | 126/21-22 | 6 | ആദ്യ പകുതിയും രണ്ടാം പകുതിയും |
| 6 | ഊഞ്ഞാപ്പാറ മെറ്റൽ ക്രഷർ | 129/21-22 | 5 | ആദ്യ പകുതിയും രണ്ടാം പകുതിയും |
| 7 | സെന്റ് ആന്റണീസ് ബ്രിക്സ് | 130/21-22 | 7 | ആദ്യ പകുതിയും രണ്ടാം പകുതിയും |
| 8 | സോണി ലൈറ്റ് & സൗണ്ട് | 153/21-22 | 4 | ആദ്യ പകുതിയും രണ്ടാം പകുതിയും |
| 9 | എം എസ് എൽ പി സ്കൂൾ | | 4 | രണ്ടാം പകുതി |

## 1-13 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ 2021-22

വർഷത്തെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 16/2021-22 തീയതി 20/10/22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സ്ഥാപനതൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയ വിവരം അറിയിക്കേണ്ടതാണ്.

| സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|
| കീരമ്പാറ ക്ഷീരോല്പാദക സഹകരണസംഘം | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| കെ എസ് എഫ് ഇ | രണ്ടാം പകുതി |
| കീരമ്പാറ സർവ്വീസ് സഹകരണ ബാങ്ക് | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| കെ എസ് ഇ ബി | ആദ്യ പകുതിയും, രണ്ടാം പകുതിയും |

### 1-14 സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ/ലൈസൻസ്

കേരള പഞ്ചായത്തീരാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങൾ) പ്രകാരം താഴെപറയുന്ന സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2021-22 കാലയളവിൽ രജിസ്ട്രേഷൻ / ലൈസൻസ് പുതുക്കിയിട്ടുണ്ടോയെന്നറിയിക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 6/2021-22 തീയതി 18/10/22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രജിസ്ട്രേഷൻ ഫീ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | സ്പെഷ്യലിസ്റ്റ് ലബോറട്ടറിസ് |
| 2 | മാരിയൻ ലാബ് |

### 1-15 വീട്ടുകരം ഒഴിവാക്കിയതിന് വിമുക്ത ഭടന്മാരുടെ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

26.05.2017 ലെ 106/2017/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം വിമുക്തഭടൻമാർക്ക് നികുതി ഒഴിവ് ലഭിക്കുന്നതിനായി ഓരോ വർഷവും മാർച്ച് 31ന മുമ്പ് നിശ്ചിത മാതൃകയിൽ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതും. അപേക്ഷകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ വച്ച് അംഗീകാരം നേടിയെടുക്കേണ്ടതുമാണ്. 2021-22 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന വിമുക്ത ഭടന്മാരുടെ വാസഗൃഹങ്ങൾക്ക് വീട്ടുകരം ഒഴിവാക്കി നൽകിയതിന് അടിസ്ഥാനമായ സാക്ഷ്യപത്രം / കമ്മറ്റി തീരുമാനം എന്നിവ പരിശോധനക്കായി ഓഡിറ്റിൽ ഹാജരാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം7/2021-22 തീയതി 18/10/22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സാക്ഷ്യപത്രം ഹാജരാക്കാത്ത വിമുക്ത ഭടന്മാരുടെ വാസ ഗൃഹങ്ങളുടെ വീട്ടുകരം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം | വാർഡ് / വീട്ട് നം | ഉടമസ്ഥന്റെ പേര് |
|---|---|---|
| 1 | 1/5 | അർജ്ജുനൻ വഴിനടയിൽ |
| 2 | 6/118 | ജോയ് ജോസഫ് |
| 3 | 12/270 | ഭാസ്കരൻ ചിറങ്ങര |
| 4 | 12/106 | റോയി അപ്പയ്ക്കൽ |
| 5 | 4/76 | ലൂസി പുലിക്കോട്ടിൽ |

### 1-16 ആട് വിതരണം - യൂണിറ്റ് കോസ്റ്റ് പ്രകാരമുള്ളതിലും അധികം സബ്സിഡി നൽകി

പ്രോജക്ട് നം- 82/2022
അടങ്കൽ- 1800000/- (Plan-900000, BC -900000)
ചെലവ് -771000 (Plan G)
ബിൽ നം- 04/2021-22 Rs.180000/- C/o 10/03/2022
ബിൽ നം- 05/2021-22 Rs.501000/- C/o 22/03/2022
ബിൽ നം- 07/2021-22 Rs.90000/- C/o 26/03/2022
നിർവ്വഹണം-വെറ്റിറനറി സർജൻ , കീരമ്പാറ

കീരമ്പാറ ഗ്രാമപഞ്ചായത്തിലെ വനിതാകർഷകർക്ക് ആടുകളെ വിതരണം ചെയ്യുന്നതിന് നടപ്പിലാക്കിയ പദ്ധതി പ്രകാരം വിവിധ വാർഡുകളിലെ കർഷകർക്ക് വിലയുടെ 50% തുക സബ്സിഡി നൽകുന്നതിനായി വികസനഫണ്ടിൽ നിന്നും 7,71,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം 128 ഗുണഭോക്താക്കൾക്ക് രണ്ട് ആടുകളെ വീതവും ഒരു ഗുണഭോക്താവിന് ഒരാടിനെയും ചേർത്ത് ആകെ 257 ആടുകളെയാണ് നൽകിയത്. ഒരാടിന് 3000/- രൂപ എന്ന സബ്സിഡി നിരക്കിൽ 6000/- രൂപ വീതം

768000 രൂപണ് 128 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തത്. ഒരു ഗുണഭോക്താവിന് ഒരാടിന്റെ സബ്സിഡിയായി 3000/- രൂപയും നൽകി. (6000 X 128 = 768000 + 3000 = 771000). തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവ് സ.ഉ(കൈ) നം-22/2018/ത.സ്വ.ഭ.വ, തിരുവനന്തപുരം തീ.14/02/2018 പ്രകാരമുള്ള 2018-19 മുതൽ 2021-22 വരെയുള്ള വാർഷിക പദ്ധതികളുടെ മാർഗ്ഗരേഖയിലെ ഖണ്ഡിക 6.2.2 പ്രകാരം തദ്ദേശസ്ഥാപനങ്ങൾ പദ്ധതി പ്രകാരം വിതരണം നടത്തുന്ന ആടുകളുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിലാണ് നിശ്ചയിക്കേണ്ടത്. 2021-22 സാമ്പത്തിക വർഷത്തേക്കുള്ള ജില്ലാതല യൂണിറ്റ് കോസ്റ്റ് ജില്ലാ കളക്ടർ മെമ്പർ സെക്രട്ടറിയായ ജില്ലാ ആസൂത്രണ സമിതി നിശ്ചയിച്ചിരുന്നില്ല. 2020-21 ൽ ജില്ലാ ആസൂത്രണ സമിതി നിശ്ചയിച്ച ജില്ലാതല യൂണിറ്റ് കോസ്റ്റാണ് നിലവിലുണ്ടായിരുന്നത് (ഉത്തരവ് നമ്പർ 61139/20/ഡി.പി.സി/ ഡി.പി.ഒ/ഇ.കെ.എം തീയതി 20/03/2020.) ഇത് പ്രകാരം മലബാറി, സങ്കരയിനം ആടുകൾക്ക് (6 മാസം,12 Kg ) 5,000/-രൂപയും മലബാറി ആടുകൾക്ക് (ഒരു വയസ്സ്, 20 Kg ) 8,000/- രൂപയുമാണ് വില നിശ്ചയിച്ചിരുന്നത്. ഇത് പ്രകാരം ഒരു വയസ്സിൽ താഴെയുള്ള ആടുകൾക്ക് പരമാവധി 2,500/- രൂപയും ഒരു വയസ്സുള്ള ആടിന് 4000/- രൂപയുമാണ് സബ്സിഡി നൽകാവുന്നത്. എന്നാൽ ഒരു വയസ്സിൽ താഴെയുള്ള ആടുകൾക്ക് 3,000/- രൂപ ധനസഹായം നൽകിയിട്ടുണ്ട്. അതുപോലെ 4000/- രൂപ സബ്സിഡി നൽകാവുന്ന ഒരു വയസ്സുള്ള ആടിനും 3,000/- രൂപ മാത്രമാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്. ഇത് മൂലം ചില ഗുണഭോക്താക്കൾക്ക് അർഹമായ സബ്സിഡി ലഭിക്കാത്ത സാഹചര്യവുമുണ്ടായിട്ടുണ്ട്. ജില്ലാ തലത്തിൽ 2021-22 വർഷത്തെ യൂണിറ്റ് കോസ്റ്റ് ലഭിക്കാത്ത സാഹചര്യത്തിൽ മുൻവർഷത്തെ നിരക്കുകളിൽ അധികരിച്ച് സബ്സിഡി നൽകിയതിന് സർക്കാരിൽ നിന്നും പ്രത്യേകം അനുവാദം വാങ്ങിയതായുള്ള രേഖകളൊന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയിട്ടില്ല. കൂടാതെ പദ്ധതി മാർഗ്ഗനിർദ്ദേശപ്രകാരം വാങ്ങി നൽകുന്ന ആടുകൾക്ക് ഗുണഭോക്താക്കൾ സ്വന്തം നിലയിൽ ഇൻഷ്വറൻസ് എടുക്കേണ്ടതാണ്. നടപ്പിലാക്കിയ പദ്ധതി പ്രകാരം ഗുണഭോക്താക്കൾ ഇൻഷ്വറൻസ് എടുത്തതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-11 തീയതി 19/10/2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ജില്ലാതല യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുന്നതിനായി ജില്ലാ വെറ്ററിനറി ഓഫീസർ ശിപാർശ ചെയ്ത നിരക്കുകളാണ് പദ്ധതി നടപ്പിലാക്കിയപ്പോൾ പരിഗണിച്ചതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്. എന്നാൽ ഈ ശുപാർശ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചതായി രേഖയില്ല. പദ്ധതി നിർവ്വഹണത്തിൽ ഇത്തരം അപാകതകൾ വരുന്നത് പരിഹരിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 അങ്കണവാടി അനുപൂരക പോഷകാഹാരവിതരണം -ജി.എസ്.ടി ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | അങ്കണവാടി അനുപൂരക പോഷകാഹാരവിതരണം |
| പ്രോജക്റ്റ് നമ്പർ | 75/2022 |
| അടങ്കൽ | 1629737/- |
| ചെലവ് | 1438302/- |
| തുക, ബിൽ നം./തീയതി (അമൃതം ന്യൂട്രിമിക്സുമായി ബന്ധപ്പെട്ടവ) | 01/2021-22 Rs.249326/ 18.06.2021<br>02/2021-22 Rs.157811/ 13.07.2021<br>Rs.166501/ 16.07.2021 (Central Share)<br>03/2021-22 Rs.55870/ 19.08.2021<br>05/2021-22 Rs.50442/ 10.09.2021<br>06/2021-22 Rs.239803/30.10.2021<br>08/2021-22 Rs.46748/ 12.11.2021<br>Rs.3026/ 06.11.2021 (Central Share)<br>Rs.106271/ 26.11.2021 (Central Share)<br>Rs.11520/ 06.12.2021 (Central Share) |

| | |
|---|---|
| | Rs.271247/ 6.1.2022 (Central Share)<br>14/2021-22 Rs.79737/ 18.03.2022<br>13/2021-22 Rs.48211/ 17.02.2022<br>Rs.51789/ 16.3.2022 (Central Share) ബിൽ നം. 13/2021-22 പ്രകാരമുള്ള 48211/- രൂപയും Central Share നിന്നുള്ള 51789 (16.03.22) എന്നിവ സുലേഖ ചെലവുപത്രികയിൽ ഉൾപ്പെട്ടിട്ടില്ല |
| നിർവഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

2021-22 വർഷത്തെ അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി അങ്കണവാടികളിൽ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തത് വെങ്ങോല AAA അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റാണ്. കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017ലെ നോട്ടിഫിക്കേഷൻ നം 12/2017- Central Tax (Rate)ലെ ക്രമ നം. 66 ക്ലോസ് (B)(ii) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അംഗൻവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി. പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021 നമ്പർ സർക്കുലറിൽ സർക്കാർ സഹായത്തോടെയോ സംഭാവനകൾ വഴിയായോ ഉള്ള, അംഗൻവാടികൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഭക്ഷണവിതരണ പരിപാടികൾക്ക് ജി.എസ്.ടി ബാധകമല്ല എന്ന കാര്യം സ്പഷ്ടീകരിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പോഷകാഹാര വിതരണപദ്ധതിയിലെ അമൃതം ന്യൂട്രിമിക്സിന്റെ ബില്ല് പരിശോധിച്ചതിൽ ജി.ഒ. (സാധാ.) നം.1450/2018 തസ്വഭവ തീ. 25.05.2018 പ്രകാരം ഒരു കിലോഗ്രാം ന്യൂട്രിമിക്സിനുള്ള വില 70 രൂപ കൂടാതെ 3.50 രൂപ ജി.എസ്.ടി ഉൾപ്പെടെയാണ് സ്ഥാപനം ഈടാക്കിയിട്ടുള്ളത് . വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം | ന്യൂട്രിമിക്സിന്റെ ബിൽ നം. | വാങ്ങിയ അളവ് | വിലയ്ക്ക് പുറമേ നൽകിയ ജി.എസ്.ടി. |
|---|---|---|---|
| 1 | 374/26.05.2021 | 702 | 2458.00 |
| 2 | 401/12.07.2021 | 732 | 2562.00 |
| 3 | 423/06.08.2021 | 678 | 2372.00 |
| 4 | 442/07.09.2021 | 633 | 2216.00 |
| 5 | 461/31.08.2021 | 669 | 2342.00 |
| 6 | 476/01.11.2021 | 666 | 2332.00 |
| 7 | 528/02.12.2021 | 693 | 2424.00 |
| 8 | 680/03.02.2022 | 675 | 2362.00 |

| | | | |
|---|---|---|---|
| 9 | 542/4.01.2022 | 648 | 2268.00 |
| | ആകെ | | 21336.00 |

ന്യൂട്രിമിക്സിന്റെ ബില്ലിൽ സ്ഥാപനം ജി.എസ്.ടി ഇനത്തിൽ വിലയ്ക്കൊപ്പം ഈടാക്കിയിരിക്കുന്ന തുക സർക്കാരിലേക്ക് അടവാക്കിയിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല. ഈടാക്കിയ ജി.എസ്.ടി ഒടുക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.അങ്കണവാടി ഭക്ഷണവിതരണത്തിന് ബാധകമല്ലാത്ത ജി.എസ്.ടി കൂടി ഉൾപ്പെട്ട തുക വിതരണ സ്ഥാപനത്തിന് നൽകിയത് മൂലം പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികച്ചെലവുണ്ടായിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021 നമ്പർ സർക്കുലറിൽ അങ്കണവാടി പോഷകാഹാര വിതരണത്തെ 28/06/2017 ലെ ജി.എസ്.ടി നോട്ടിഫിക്കേഷൻ പ്രകാരം തന്നെ ജി.എസ്.ടി യിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുള്ളതിനാൽ മേൽ പ്രകാരം അധികച്ചെലവ് വന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( നം-14 തീയതി 19/10/2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ജി.എസ്.ടി ഒടുക്കിയതിന്റെ രേഖകളും ജി.എസ്.ടി റീഫണ്ട് ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങളും ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-18 യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല.

ജി.ഒ(പി)13/2012/പി.ഡബ്ല്യൂ.ഡി/തീ.1.2.2012 നമ്പർ ഉത്തരവ് പ്രകാരം 2012 ൽ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009 (6) പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ (സെലക്ഷൻ നോട്ടീസ് നൽകി 14 ദിവസത്തിനുള്ളിൽ) കരാറിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്നും കരാർ തുകയുടെ 1% (മിനിമം - 1000/-, മാക്സിമം -25000/-) പിഴയായി ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരൻ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാർ ചമയ്ക്കാതിരുന്നിട്ടും പിഴ ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | സെലക്ഷൻ നോട്ടീസ് തീയതി/ പിഴ കൂടാതെ കരാർ ചമയ്ക്കാവുന്ന അവസാന തീയതി | കരാർ ചമച്ച തീയതി | ഈടാക്കേണ്ട പിഴ (1% നിരക്കിൽ) |
|---|---|---|---|---|
| 1 | കാഞ്ഞിരക്കുന്ന് പുളിക്കപ്പാടം സജീവ്പടി റോഡ് കോൺക്രീറ്റിംഗ്.(233/21) ശ്രീ. ഷിജി ജോർജ്ജ് പി.എ.സി - 133647/- പ്രവൃത്തിമൂല്യം - 149685/- ബിൽ നം. 11174/18.9.21 | 28.4.2021<br>12.5.2021 | 7.6.2021 | 1336 |
| 2 | ടേക്ക് എ ബ്രേക്ക് - പൊതുശുചിമുറികളുടെ നവീകരണം (130/22) ഷാജി ഫ്രാൻസിസ് പി.എ.സി - 100000/- പ്രവൃത്തിമൂല്യം - 77755/- ചെക്ക് നം. 532963/15.9.21 | 28.4.2021<br>12.5.2021 | 18.5.2021 | 1000 |
| 3 | മുരിയാഞ്ചേരി കോളനി പാലം അപ്രോച്ച് റോഡ് കോൺക്രീറ്റിംഗ് (131/22) ഷാജി ഫ്രാൻസിസ് പി.എ.സി - 178322/- പ്രവൃത്തിമൂല്യം - 199711/- ബിൽ നം. 10899/14.9.21 | 28.4.2021<br>12.5.2021 | 18.5.2021 | 1783 |
| 4 | പുന്നേക്കാട് ഗവ.എൽ.പി സ്കൂളിൽ ഡൈനിംഗ് റൂം നിർമ്മാണം(153/22) ഷാജി ഫ്രാൻസിസ് പി.എ.സി - 398179/- പ്രവൃത്തിമൂല്യം - 445869/- ബിൽ നം. 22429/28.2.22 | 17.11.2021<br>1.12.2022 | 8.12.2022 | 3982 |
| 5 | കൊച്ചുകരോട്ട്പടി മീനാംകുടിപ്പടി റോഡ് (133/22) ഷാജി ഫ്രാൻസിസ് പി.എ.സി - 267476/- പ്രവൃത്തിമൂല്യം - 299361/- ബിൽ നം. 10902/14.9.21 | 28.4.2021<br>12.5.2021 | 18.5.2021 | 2675 |
| 6 | ജോൺ മാത്യു റോഡ് കോൺക്രീറ്റിംഗ് (132/22) ബിന്ദു കെ. ജോർജ്ജ് പി.എ.സി - 357010/- പ്രവൃത്തിമൂല്യം - 399381/- ബിൽ നം. 13540/27.10.21 | 28.4.2021<br>12.5.2021 | 2.6.2021 | 3570 |

| | |
|---|---|
| ആകെ | 14346 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനും, പിഴ ഇനത്തിൽ ഈടാക്കേണ്ട14346/- രൂപ കരാറുകാരിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19/20.10.22) നിർവ്വഹണ ഉദ്യോഗസ്ഥയായ അസി. എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരനിൽ നിന്നും തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുകയുടെ ഒടുക്കു വിവരം ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

### 1-19 ബിറ്റുമിൻ ബാരൽ വില ക്രമ വിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയിട്ടുള്ള റോഡ് പ്രവൃത്തികളിൽ നിന്നുള്ള ബിറ്റുമിൻ ബാരൽ വില അസി.എഞ്ചിനീയർ ബില്ലിൽ നിന്നും കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള ടി.എസ്.ബി അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഇത് ക്രമ പ്രകാരമല്ല. ടി ഇനത്തിലുള്ള തുകകൾ ഏതു ഫണ്ടുപയോഗിച്ചാണോ പ്രവൃത്തി ചെയ്തത് ആ ഫണ്ടിലേയ്ക്കും, ജി.എസ്.ടി തുക ബന്ധപ്പെട്ട ഹെഡിലേയ്ക്കും തിരിച്ചടയ്ക്കേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2/17.10.22) തുക തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

### 1-20 ഇ ടെണ്ടർ ഇടപാടുകൾക്കായുള്ള ബാങ്ക് അക്കൗണ്ട് - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

തസ്വഭവ ചീഫ് എഞ്ചിനീയറുടെ 17.8.17 ലെ ഡിബി1/7942/2010/സി ഇ/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിലവിൽ ഇ- ടെണ്ടറിന്റെ ആവശ്യത്തിനായി അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വകുപ്പ് മേധാവികളും (ഗ്രാമ പഞ്ചായത്തുകളും, ബ്ലോക്ക് പഞ്ചായത്തുകളും) എസ്.ബി.ഐ ശാഖയിൽ ഔദ്യോഗിക മേൽ വിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് തുടങ്ങേണ്ടതാണെന്നും, നിലവിൽ എസ്.ബി.ഐ ശാഖയിൽ കറന്റ് അക്കൗണ്ട് ഉള്ളപക്ഷം ആയത് ഇതിനു വേണ്ടി ഉപയോഗിക്കാവുന്നതാണെന്നും, എന്നാൽ പ്രസ്തുത ബാങ്ക് അക്കൗണ്ട് ഈ ആവശ്യത്തിനല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ലായെന്നും സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ടി ആവശ്യത്തിനായി എസ്.ബി.ഐ-ൽ അസി.എഞ്ചിനീയറുടെ പേരിലുണ്ടായിരുന്ന സേവിംഗ്സ് അക്കൗണ്ടാണ് ഉപയോഗിച്ചിട്ടുള്ളത്. പ്രസ്തുത അക്കൗണ്ടിൽ മറ്റ് പണമിടപാടുകളും നടത്തിയിട്ടുണ്ട്. ഇ ടെണ്ടർ ഫീ ഇനത്തിലുള്ള തുക ഓൺലൈനായി ക്രെഡിറ്റ് ചെയ്യുന്നതിനായാണ് പ്രസ്തുത അക്കൗണ്ട് ആരംഭിച്ചിട്ടുള്ളതെങ്കിലും 13.10.2021 മുതലാണ് ഇ-ടെണ്ടർ ഇനത്തിലുള്ള തുകകൾ ടി അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. സർക്കാർ നിർദ്ദേശം നിർവ്വഹണ ഉദ്യോഗസ്ഥൻ പാലിച്ചിട്ടില്ല. പ്രസ്തുത അക്കൗണ്ടിലെ 11.10.2022 ലെ നീക്കിയിരുപ്പ് 56460/- രൂപയാണ്. (പലിശ ഉൾപ്പെടെ) നീക്കിയിരുപ്പ് തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്.

12.10.2021വരെ ഇ ടെണ്ടർ ഫീ ഇനത്തിൽ എൽ.എസ്.ജി.ഡി എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ള തുക എത്രയെന്നോ ആയത് തിരികെ ലഭിച്ചതിന്റെ രേഖകളോ പരിശോധനയക്ക് ലഭ്യമാക്കിയിട്ടില്ല (ടി ഇനത്തിൽ എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്ത തുകയുടെ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല) ഓർഗനൈസേഷൻ കളക്ഷൻ റിപ്പോർട്ട് പ്രകാരം ഓരോ വർഷവും ലഭ്യമായ തുകയുടെ വിവരം കൃത്യമായി കണക്കാക്കി അത്രയും തുക തിരികെ ലഭ്യമായോ എന്നത് പരിശോധിച്ച് വിവരം അറിയിക്കുവാനും, അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3/17.10.22) ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ ഈടാക്കുന്നതിന് കത്ത് നൽകിയിട്ടുള്ളതായും, പുതിയ അക്കൗണ്ട് ആരംഭിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരങ്ങൾ യഥാസമയം അറിയിക്കേണ്ടതാണ്.

### 1-21 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - നിർവ്വഹണത്തിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിർവ്വഹണത്തിലും, രേഖകൾ സൂക്ഷിക്കുന്നതിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി പരിശോധനയിൽ കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് ഓരോ പ്രവൃത്തിക്കും പ്രത്യേകം ടെണ്ടർ ക്ഷണിക്കുന്നു.

സ്റ്റോർ പർച്ചേയ്സ് മാനവൽ ഖണ്ഡിക 7.33 ( iii ) പ്രകാരം ആവശ്യമുള്ള ഒരേയിനം സാധനങ്ങളുടെ അളവുകൾ കൂട്ടിച്ചേർത്ത് ഒറ്റ ടെണ്ടർ ക്ഷണിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇതിന് വിരുദ്ധമായി പല പ്രവൃത്തികൾക്കും ആവശ്യമുള്ള സാധനങ്ങൾ എല്ലാം ഒന്ന് തന്നെ ആണെങ്കിലും ഓരോ പ്രവൃത്തിക്കും പ്രത്യേകം പ്രത്യേകം ടെണ്ടർ ക്ഷണിക്കുന്നു. ഇത് മത്സരാധിഷ്ഠിത നിരക്കുകൾ ലഭിക്കുന്നതിന് വിഘാതമാവുന്നുണ്ട്. മാത്രമല്ല ഒരു ടെണ്ടർ ആയി ക്ഷണിക്കുമ്പോൾ പർച്ചേയ്സ് തുക 5 ലക്ഷത്തിൽ അധികരിക്കുകയും ഇ-ടെണ്ടർ മുഖാന്തിരം വാങ്ങൽ നടത്തേണ്ടിയും വരും. ഇത് ഒഴിവാക്കുവാൻ കൂടിയാണ് ഒരേ ഇനം സാധനങ്ങൾ വാങ്ങുന്നതിനായി ഇത്തരത്തിൽ ഓരോ പ്രവൃത്തിക്കും പ്രത്യേകം

ടെണ്ടർ ക്ഷണിക്കുന്നത് എന്ന് കാണുന്നു.

2. പ്രിലിമിനറി എഗ്രിമെന്റിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താതെ ബ്ലാങ്ക് മുദ്രപത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

3. എഗ്രിമെന്റ് രജിസ്റ്ററിൽ കരാറുകാരന്റെ പേരും, കരാർ തീയതിയും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

4. മെറ്റീരിയൽ സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങൾ സപ്ലൈ ചെയ്ത തീയതി, നൽകിയ തുകയുടെ വിവരം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

5. പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പും, പ്രവൃത്തി നിർവ്വഹണ ഘട്ടത്തിലും, പൂർത്തീകരണ ഘട്ടത്തിലുമുള്ള സൈറ്റിന്റെ ഫോട്ടോകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

6. മെറ്റീരിയൽ വാങ്ങലുമായി ബന്ധപ്പെട്ട് ഫയലിൽ സൂക്ഷിച്ചിട്ടുള്ള ബില്ലുകൾ ജി.എസ്.ടി നമ്പരോടുകൂടിയ അംഗീകൃത ബില്ലുകൾ അല്ല.

7. മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ് (Annex.VI) രേഖപ്പെടുത്തി ഫയലിൽ സൂക്ഷിച്ചിട്ടില്ല.അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20/20.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-22 കമ്മിറ്റി തീരുമാനങ്ങളിൽ സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ താഴെ പറയുന്ന തീരുമാനങ്ങളിൽ സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.21/20.10.2022) നൽകിയിരുന്നുവെങ്കിലും മറുപടി, തുടർ നടപടി വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

1) തീരുമാനം : 10(1)/9.7.2021

കീരമ്പാറ ഗ്രാമപഞ്ചായത്തിലെ മൃഗാശുപത്രിയുടെ പഴയ കെട്ടിടം സമീപത്തുള്ള മരത്തിന്റെ ശിഖരം വീണും കനത്ത മഴയിലും പൊളിഞ്ഞു വീണിരുന്നു. ടി കെട്ടിടത്തിലെ മര ഉരുപ്പടികൾ ലേലം ചെയ്യുന്നതിന് വാർഡ് മെമ്പർ കത്ത് നൽകിയത് യോഗം ചർച്ച ചെയ്തു. അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ മര ഉരുപ്പടികൾ ലേലം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു .

*ലേല വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.*

2)തീരുമാനം : 5(1)/8.11.21

വട്ടമറ്റം കോളനിയിലെ താമസക്കാരായ കുടുംബങ്ങൾക്ക് 2003-04 വർഷത്തെ 'ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി നൽകൽ' എന്ന പദ്ധതി മുഖേന കീരമ്പാറ വില്ലേജ് 346/3/1 നമ്പർ സർവ്വേയിൽപ്പെട്ട 40 സെൻറ് സ്ഥലം 2235/04 നമ്പർ ആധാരപ്രകാരം വാങ്ങി 3 സെൻറ് വീതമുള്ള പ്ലോട്ടുകളായി തിരിച്ച് വിതരണം ചെയ്തിട്ടുണ്ടെന്നും, ടി സ്ഥലം സെക്രട്ടറിയുടെ പേരിലേക്ക് 02.11.2021 തീയതിയിൽ പോക്കുവരവ് ചെയ്ത് കരം അടവാക്കിയ രസീത് ലഭ്യമായിട്ടുണ്ടെന്നും സെക്രട്ടറി യോഗത്തിൽ റിപ്പോർട്ട് ചെയ്തു. ടി സ്ഥലം ഗുണഭോക്താക്കൾക്ക് നൽകിയത് പ്രകാരം അളന്ന് തിട്ടപ്പെടുത്തി 3 സെൻറ് വീതം ആധാരം ചെയ്ത് നൽകുന്നതിന് യോഗം തീരുമാനിച്ചു.

*സ്ഥലത്തിന്റെ നിലവിലെ സ്ഥിതി വിവരം. എല്ലാ ഗുണഭോക്താക്കൾക്കും സ്ഥലം ആധാരം ചെയ്ത് നൽകിയിട്ടുണ്ടോ? തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.*

3)തീരുമാനം : 14(1) /8.11.21

കീരമ്പാറ ഗ്രാമപഞ്ചായത്തിലെ ഉപയോഗ ശൂന്യമായ 84 പൊതു ടാപ്പുകൾ സംയുക്ത പരിശോധനയിൽ കണ്ടെത്തിയിരുന്നു. ടി ടാപ്പുകൾ നീക്കം ചെയ്യുന്നതിന് വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുള്ളതുമാണ്. ടി എസ്റ്റിമേറ്റ് പ്രകാരം തുക അടവാക്കി പൈപ്പുകൾ നീക്കം ചെയ്ത് വെള്ളക്കരം അടവാക്കുന്നതിൽ കുറവ് വരുത്താനാകുമെന്ന് സെക്രട്ടറി യോഗത്തിൽ അറിയിച്ചു. ഇക്കാര്യം ചർച്ച ചെയ്ത യോഗം 2021-22 വാർഷിക പദ്ധതി ഭേദഗതിയിൽ ടി ടാപ്പുകൾ ഒഴിവാക്കുന്നതിനുള്ള തുക അടവാക്കുന്നതിനായി പദ്ധതി ഏറ്റെടുക്കുന്നതിന് തീരുമാനിച്ചു.

*2021 -22 വാർഷിക പദ്ധതിയിൽ ഇത്തരത്തിലൊരു പദ്ധതി ഉൾപ്പെടുത്തിയിട്ടില്ല.*

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, കമ്മിറ്റി തിരുമാനങ്ങളിലെ തുടർ നടപടികൾ നിരീക്ഷിക്കുന്നതിന് വാച്ച് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-23 മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-

ഗ്രാമപഞ്ചായത്തിലെ അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായി 2021-22 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ എന്നിവ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) നിർദ്ദിഷ്ട മാതൃകയിലുള്ള (ടി.ആർ.7എ) ക്യാഷ് ബുക്ക് രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

(2) ടെണ്ടർ രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ടെണ്ടർ രജിസ്റ്ററിൽ താഴെ പറയുന്ന

വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

(I) ടെണ്ടർ തുറക്കുന്ന അവസരത്തിൽ സന്നിഹിതരായിട്ടുള്ള കരാറുകാരുടെ ഒപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

(Ii) ഇ.എം.ഡി തുക, രസീത് നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തുന്നില്ല

(Iii) ടെണ്ടർ അംഗീകരിച്ച കമ്മിറ്റി തീരുമാന വിവരം രേഖപ്പെടുത്തുന്നില്ല.

(3) പ്രിലിമിനറി എഗ്രിമെന്റിൽ വിവരങ്ങൾ രേഖപ്പെടുത്താതെ ബ്ലാങ്ക് മുദ്രപത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

(4) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(5) കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്യൂ.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/20.10.22) നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-24 ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല

നിർവ്വഹണം- സെക്രട്ടറി, കീരമ്പാറ ഗ്രാമ പഞ്ചായത്ത്

2021-22 സാമ്പത്തിക വർഷം നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതികൾക്കായി വിവിധ നിർവ്വഹണ ഏജൻസികൾക്ക് തുക മുൻകൂർ നൽകിയിട്ടുണ്ട്. തുക കൈമാറിയെങ്കിലും സ്ഥാപനങ്ങൾ ഇത് കൈപ്പറ്റിയതിന്റെയോ പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചതിന്റെയോ രേഖകളൊന്നും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| നിർവഹണ ഏജൻസി | പ്രവൃത്തി | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 17/22, ജലജീവൻ മിഷൻ | Trn 026230 31/3/22 | 194771 | 0 | പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | 113/22,പൈപ്പ് ലൈൻ നീട്ടൽ | Po 52100916 22/3/22 | 747000 | 0 | പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | 147/22,പൈപ്പ് ലൈൻ നീട്ടൽ | Bill No 48 9/3/2/22 | 100000 | 0 | പ്രവൃത്തി പൂർത്തീകരിച്ചുവെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | 172/22 ,പൈപ്പ് ലൈൻ നീട്ടൽ | Po 52100917 22/3/22 | 596600 | 0 | പ്രവൃത്തി പൂർത്തീകരിച്ചുവെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| കെ എസ് ഇ ബി | 176/22, പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | Bill No 33 20/12/21 | 18900 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |

വിനിയോഗവിവരങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ മേൽ പദ്ധതികൾക്കായി ചെലവഴിച്ച 16,57,271/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 കേരള വാട്ടർ അതോറിറ്റിയ്ക്ക് കുടിശ്ശിക തുക നൽകാനുള്ളത് സംബന്ധിച്ച്

| | |
|---|---|
| പ്രോജക്ട് | കേരള വാട്ടർ അതോറിറ്റിയ്ക്ക് കുടിശ്ശിക അടയ്ക്കൽ, 148/22, 173/22 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 646225/-, 93400/- |
| ചെലവ് | 1)23/2022 Dt.12/11/2021,-646225/- |

| | |
|---|---|
| (ബിൽ നം.,തീയതി,തുക) | 2)5210094/ 30.3.22 -93400/-<br>ആകെ = ₹ 739625/- |

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ വാട്ടർ അതോറിറ്റിയുടെ വെള്ളക്കരം അടവാക്കൽ പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ 205 പൊതുടാപ്പുകൾക്കായി 739625/- (പ്രോജക്ട് നം-148/22. 646225/- ബിൽ നം. 23/2022 Dt.12/11/2021, പ്രോജക്ട് നം-173/22, 93400/- പി.ഒ നം. 5210094/ 30.3.22 ) രൂപ ഒടുക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകൾ വാട്ടർ അതോറിറ്റിയുടെ കണക്കിൽ കുറവ് ചെയ്തിട്ടുള്ള വിവരം ലഭ്യമല്ല. വാട്ടർ അതോറിറ്റിയുടെ മാർച്ച് 2022 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം 28299266/- രൂപ കുടിശ്ശികയുള്ളതായി കാണുന്നു. ഇതിൽ തന്നെ 5955133/- രൂപ പലിശയിനത്തിലുള്ളതാണ്. ഗ്രാമപഞ്ചായത്ത് വിവിധ വർഷങ്ങളിലായി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകി വരുന്ന സാഹചര്യത്തിൽ പൊതുടാപ്പുകളുടെ ആവശ്യകത പുനർനിർണ്ണയിക്കുന്നതിന് വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തും സംയുക്ത പരിശോധന നടത്തി ആകെ പൊതു ടാപ്പുകളുടെ എണ്ണം 205 ആയി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 22.01.2019ലെ 10(1) തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 205 ടാപ്പുകളിൽ 84 എണ്ണം ഒഴിവാക്കുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ പൊതുടാപ്പുകൾ റദ്ദാക്കുന്നതിന് തുക അടച്ചുവെങ്കിലും നാളിതുവരെ ടാപ്പുകൾ വിഛേദിച്ചിട്ടില്ല. കുടിശ്ശിക തുക അടവാക്കാൻ പഞ്ചായത്ത് സ്വീകരിച്ച നടപടികളും, ഗ്രാമപഞ്ചായത്ത് നിലവിൽ വെള്ളക്കരം നൽകുന്ന 205 വാട്ടർ ടാപ്പുകളുടെ വാർഡടിസ്ഥാനത്തിലെ വിശദവിവരങ്ങളും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 18/2021-22 തിയതി 20/10/22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

മേൽ സാഹചര്യത്തിൽ വാട്ടർ ചാർജ്ജിനത്തിലെ കുടിശ്ശിക അടയ്ക്കുമ്പോൾ ഭീമമായ പിഴയിൽ ഇളവ് ലഭിക്കുന്നതിനോ, കുടിശ്ശിക തുക അടവാക്കുന്നതിന് സർക്കാരിൽ നിന്നും ഇളവ് ലഭിക്കുന്നതിനോ ഭരണ സമിതിയുടെ ഭാഗത്ത് നിന്ന് അടിയന്തിര നടപടികൾ ഉണ്ടാകേണ്ടതും തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-26 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ പങ്ക്

കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഡോമിസിലിയറി കെയർ സെൻറർ നിർബന്ധമായും ആരംഭിക്കണമെന്ന് ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സി എഫ് എൽ ടി സി മാനേജ്മെന്റ് കമ്മിറ്റി 10/05/2021 വിളിച്ച് ചേർക്കുകയും മെഡിക്കൽ ബോർഡിന്റെ നിർദ്ദേശപ്രകാരം കീരപാറ സെന്റ് സ്റ്റീഫൻസ് ഗേൾസ് ഹൈസ്കൂളിൽ ഡിസിസി ആരംഭിക്കുകയും ചെയ്തു. ഡിസിസി ആരംഭിക്കുന്നതിനായി മെഡിക്കൽ ഓഫീസറുടെ നിർദ്ദേശപ്രകാരം ആവശ്യമായ അടിസ്ഥാനസൗകര്യം ഒരുക്കുകയും ആവശ്യമായ നേഴ്സുമാരെയും സ്റ്റാഫിനെയും നിയോഗിച്ച് 17/05/2021 മുതൽ ഡിസിസി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. കോതമംഗലം താലൂക്ക് ആശുപത്രിയോട് അനുബന്ധിച്ച് പ്രവർത്തിച്ചു വന്ന കോവിഡ് കൺട്രോൾ റൂമിൽ നിന്നുള്ള നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് കോവിഡ് പോസിറ്റീവ് ആയിട്ടുള്ളവരെ പ്രവേശിപ്പിക്കുകയും പരിചരണം നൽകുകയും ചെയ്തിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു വാർഡിൽ നിന്നും 2 വീതം വോളണ്ടിയർമാരെ ഡിസിസി അനുബന്ധ പ്രവർത്തനങ്ങൾക്കായി റൊട്ടേഷൻ ക്രമത്തിൽ നിയോഗിച്ചു. വോളണ്ടിയർമാർക്കായി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഏകോപന ചുമതലയുള്ള മെഡിക്കൽ ഓഫീസർ മുഖാന്തിരം 15/05/2021ന് കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് പരിശീലനം നൽകിയിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്ത് തലത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് ഓഫീസിനോടനുബന്ധിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു കൺട്രോൾ റൂം (ഹെൽപ്പ് ഡെസ്ക്ക്) ആരംഭിക്കുകയും പ്രസ്തുത ഹെൽപ്പ് ഡെസ്കിന്റെ പഞ്ചായത്ത് ജീവനക്കാർ, ആർ ആർ ടി ടീം അംഗങ്ങൾ എന്നിവരെ റൊട്ടേഷൻ ക്രമത്തിൽ നിയോഗിക്കുകയും ചെയ്തു. ഹെൽപ്പ് ഡെസ്കിന്റെ ഭാഗമായി പ്രവർത്തിച്ച വോളണ്ടിയർമാർക്ക് ഭക്ഷണം നൽകുക മാത്രമാണ് ചെയ്തത്.

ഹെൽപ്പ് ഡെസ്കിന്റെ പ്രവർത്തനത്തിനായി തനത് ഫണ്ടിൽ നിന്നോ വികസന ഫണ്ടിൽ നിന്നോ പ്രത്യേകമായി തുകയൊന്നും ചെലവഴിച്ചിട്ടില്ല. ഗുരുതര രോഗം ബാധിച്ചവരുടെ പരിചരണത്തിനായി (വൃക്ക രോഗികൾ ,ക്യാൻസർ രോഗികൾ) വിവിധ ആശുപത്രികളിൽ ചികിത്സ ലഭ്യമാക്കുന്നതിനും വാഹനസൗകര്യം ഏർപ്പെടുത്തുകയും മരുന്നും മറ്റ് സാധനങ്ങളും വോളണ്ടിയർമാർ മുഖേന സന്നദ്ധ സംഘടനകളുടെ സഹായത്തോടെ എത്തിച്ചു നൽകുകയും ചെയ്തു. പഞ്ചായത്ത് തല കോവിഡ് പ്രവർത്തനങ്ങൾ സി എഫ് എൽ ടി സി മാനേജ്മെൻറ് സമിതിയുടെയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റികളുടെയും മേൽനോട്ടത്തിൽ മോണിറ്ററിംഗ് നടത്തുകയും സർക്കാർ നിർദേശിച്ച പ്രകാരമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

തനത് വരുമാനം കുറവുള്ള ഗ്രാമപഞ്ചായത്ത് ആയതിനാൽ പ്രസിഡണ്ടിന്റെയും ഭരണസമിതി അംഗങ്ങളുടെയും ഇടപെടലുകളിലൂടെ 338000/- രൂപ പണം ആയിട്ടും, 1 ഫ്രിഡ്ജ്, വാഷിംഗ് മെഷീൻ, പി പി ഇ കിറ്റ്, മരുന്നുകൾ, ഭക്ഷണസാധനങ്ങൾ, പൾസ് ഓക്സിമീറ്റർ എന്നിവ സാധനങ്ങൾ ലഭിക്കുകയും കൂടാതെ കോവിഡ് പോസിറ്റീവ് ആയവരെ വീടുകളിൽ നിന്നും ഡിസിസിയിലേക്കും തിരികെ വീടുകളിലേക്കും എത്തിക്കുന്നതിനായി വാഹന സൗകര്യം ഏർപ്പെടുത്തിയിരുന്നു. കണ്ട്രോൾ റൂമിൽ നിന്നുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെട്ട ചികിത്സക്കായി കോവിഡ് ട്രീറ്റ്മെൻറ് സെൻററിലും എത്തിച്ചിട്ടുണ്ട്. കൂടാതെ അത്യാവശ്യം സന്ദർഭങ്ങളിൽ തികച്ചും സൗജന്യമായി

ആംബുലൻസ് സേവനവും ഏർപ്പെടുത്തി. ആഴ്ചയിൽ 2 ദിവസം കോവിഡ് നിർണ്ണയ പരിശോധന ക്യാമ്പുകൾ നടത്തി. ഫസ്റ്റ് ബെൽ പഠന കേന്ദ്രങ്ങൾ ആരംഭിച്ചിരുന്നില്ല. കീരമ്പാറ ഗ്രാമപഞ്ചായത്തിൽ എഫ് എൽ ടി സി കൾ ആരംഭിച്ചിട്ടില്ല പകരം ഡോമിസിലിയറി കെയർ സെന്ററാണ് ആരംഭിച്ചത്. 16/07/2022 ലെ സ.ഉ.നം 1367/2020 ത. സ്വ.ഭ..വ ഉത്തരവ് പ്രകാരമുള്ള എല്ലാ സൗകര്യങ്ങളും ഡി സി സി യിൽ ഏർപ്പെടുത്തിയിരുന്നു. കോവിഡ് നിർണ്ണയത്തിനായി പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിച്ച കോവിഡ് പോസിറ്റീവ് ആയവരെ ഡിസിസിയിൽ അഡ്മിറ്റ് ചെയ്യുകയും വാർഡുതല സമിതിയും ആർ ആർ ടീമിനെയും നിയോഗിച്ച് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 50 വീടുകൾക്ക് ഒരു ക്ലസ്റ്റർ എന്ന രീതിയിൽ രൂപീകരിക്കുകയും പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമാക്കുകയും ചെയ്തിട്ടുള്ളതാണ്. കോവിഡിന്റെ പ്രാരംഭഘട്ടത്തിൽ കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധ സംഘടന പ്രവർത്തകർ എന്നിവരുടെ സഹകരണത്തോടെ കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തിച്ചു. കർഷകർ, സന്നദ്ധ സംഘടനകൾ, പഞ്ചായത്ത് നിവാസികൾ എന്നിവരിൽ നിന്നും സാധനസാമഗ്രികൾ ശേഖരിക്കുകയും ഭക്ഷണം പാചകം ചെയ്തു ഏറ്റവും അർഹരായവർക്ക് എത്തിക്കുകയും ചെയ്തു.
കോവിഡ് – 19 പ്രാരംഭഘട്ടത്തിൽ സംഭാവനകൾ സ്വീകരിക്കുന്നതിനായി കാത്തോലിക് സിറിയൻ ബാങ്ക് കീരമ്പാറ ശാഖയിൽ അസിസ്റ്റന്റ് സെക്രട്ടറിയുടെയും, ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും പേരിൽ സംയുക്തമായി ആരംഭിച്ച അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 0035 04155779 190001) ഡിസിസിയുടെ പ്രവർത്തനങ്ങൾക്കായി 338878/- രൂപ സമാഹരിക്കുകയും 338525/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുള്ളതാണ്. പഞ്ചായത്ത് തലത്തിൽ ആരംഭിച്ച ഡിസിസിയിലേക്കും വാർഡ് തല പ്രവർത്തനങ്ങൾക്കുമായി വിവിധ സംഘടനകളിൽ നിന്ന് ആവശ്യമായ പൾസ് ഓക്സി മീറ്ററുകൾ ലഭിച്ചിരുന്നു.

കുടുംബശ്രീ സിഡിഎസ് ഭരണസമിതി, കീരമ്പാറ സർവീസ് സഹകരണ ബാങ്ക്, എൻജിഒ യൂണിയൻ, കേരള ടീച്ചേഴ്സ് അസോസിയേഷൻ, മാർ അത്തനേഷ്യസ് കോളേജ് അസോസിയേഷൻ മുതലായ സന്നദ്ധ സംഘടനകൾ). കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി പ്രൊജക്റ്റ് പ്രകാരം പ്ലാൻ ഫണ്ടിൽ (ജനറൽ) നിന്നും 649707/- രൂപയും അസിസ്റ്റൻറ് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി പ്രോജക്ട് പ്രകാരം (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാൻഡിൽ നിന്നും 671976/- രൂപയും സംഭാവന ഇനത്തിൽ ലഭിച്ച 338878/- രൂപയിൽ നിന്നും 338525/- രൂപയും ചെലവഴിച്ചിട്ടുണ്ട്.കോവിഡ് ബാധിച്ചവർ - 3520, മരിച്ചവരുടെ എണ്ണം - 33. ഈ വിവരം പഞ്ചായത്ത് കമ്മിറ്റി ഓൺലൈൻ ആയി ചേർത്തിട്ടില്ല. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഏകീകരിക്കുന്നതിനും സ്റ്റിയറിങ് കമ്മിറ്റി ഓൺലൈൻ ആയി സംഘടിപ്പിച്ചിട്ടുണ്ട്.

## 1-27 സാക്ഷരത പ്രേരക്കിന് ഹോണറേറിയം നല്കിയത്

സാക്ഷരത പ്രേരക് മാർക്കുള്ള ഹോണറേറിയത്തിനുള്ള സർക്കാർ വിഹിതം , സാക്ഷരത മിഷന്റെ തനത് വിഹിതം എന്നിവ ലഭിക്കാതെ വരുമ്പോൾ ഹോണറേറിയത്തിന് കുടിശ്ശിക ഉണ്ടാകുന്നതിനാൽ ആയത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നല്കുന്നതിനും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തിരികെ ലഭ്യമാക്കുന്നതാണെന്നും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26.02.2021 ലെ സർക്കാർ ഉത്തരവ് (സാധാ) 626 /2021 ൽ പറയുന്നുണ്ട്. ആയത് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന സാക്ഷരത പ്രേരക് ആയ ശ്രീമതി സൗദാമിനി പി കെ ക്ക് 02/21,03/21 എന്നീ മാസങ്ങളിലെ ഹോണറേറിയം നല്കുന്നതിന് 17280/- രൂപ (വൌച്ചർ നം. 22100038, തീയതി 08.04.2021, 8280/- രൂപ) (വൌച്ചർ നം. 22100076, തീയതി 29.04.2021, 9000/- രൂപ) പ്രകാരം നല്കിയിട്ടുണ്ട്. ആയത് തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 4/2021-22 തിയതി 18/10/2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയത് തിരികെ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-28 സാക്ഷരത മിഷൻ തുല്യതാപഠനം-ഫീസ് നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രോജക്ട് നം- 93/2021-22
ബിൽ നം- 2112085200 Rs.8350/- C/o 30/03/2022
നിർവ്വഹണം-ഹെഡ്മിസ്സ്ട്രസ്, ഗവ. എൽ.പി.എസ്

സാക്ഷരത മിഷൻ നടപ്പാക്കുന്ന പത്താം തരം തുല്യത, പ്ലസ് വൺ തുല്യത കോഴ്സുകളിൽ ചേരുന്ന ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കളുടെ ഫീസ് ഒടുക്കുന്നതിനായി Rs. 8350/- രൂപ പഞ്ചായത്ത് പദ്ധതി വിഹിതമായി വികസനഫണ്ടിൽ നിന്നും സാക്ഷരത മിഷനിലേക്ക് നൽകിയിട്ടുണ്ട്. പത്താം തരം തുല്യത പഠനത്തിനായി 1 വിദ്യാർത്ഥിയുടെ ഫീസായി 1,750/- രൂപയും പ്ലസ് വൺ തുല്യത കോഴ്സുകളിലെ ഫീസായി 3 വിദ്യാർത്ഥികൾക്ക് 2,200/- രൂപ വീതം ആകെ 6600/- രൂപയുമാണ് പഞ്ചായത്ത് നൽകിയിട്ടുള്ളത്. തുക മുൻകൂർ നൽകിയെങ്കിലും 1750/- രൂപയുടെ വിനിയോഗ വിവരം മാത്രമാണ് ഫയലിൽ കാണുന്നത്. 6600/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15/21-22 തീയതി. 20-10-2022 ന് മറുപടി ലഭ്യമാക്കിയില്ല. 6600/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. 6600/- രൂപയുടെ

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ടി തുക തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തി | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 17/22, ജലജീവൻ മിഷൻ | Trn 026230 31/3/22 | 194771 | 0 | പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | 113/22,പൈപ്പ് ലൈൻ നീട്ടൽ | Po 52100916 22/3/22 | 747000 | 0 | പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | 147/22,പൈപ്പ് ലൈൻ നീട്ടൽ | Bill No 48 9/3/2/22 | 100000 | 0 | പ്രവൃത്തി പൂർത്തീകരിച്ചുവെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | 172/22,പൈപ്പ് ലൈൻ നീട്ടൽ | Po 52100917 22/3/22 | 596600 | 0 | പ്രവൃത്തി പൂർത്തീകരിച്ചുവെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| കെ എസ് ഇ ബി | 176/22, പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | Bill No 33 20/12/21 | 18900 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |

4-3 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 600000 | ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങൽ(ജനറൽ)(101/22) | 600000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 760000 | ലൈഫ് കുടുംബങ്ങൾക്ക് ഭവന നിർമ്മാണം (ജനറൽ)(102/22) | 760000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 125000 | ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങൽ(എസ് സി)(105/22) | 125000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 920000 | ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി(എസ് സി)(103/22) | 920000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 278531 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(66/22) | 278531 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 500000 | സോളാർ സ്ട്രീറ്റ് ലൈറ്റ് | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 106250 | സമഗ്ര നെൽകൃഷി വികസനം (92/22) | 106250 | 0 |
| ആകെ | | 32,89,781 | ആകെ | 32,89,781 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 50000 | ക്ഷീര കർഷകർക്ക് പാൽവില സബ്സിഡി(79/22) | 50000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 2726000 | ലൈഫ് മിഷൻ പദ്ധതി-ജനറൽ (102/22 &119/22) | 2726000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 450000 | ലൈഫ് മിഷൻ പദ്ധതി- എസ് സി (103/22 &118/22) | 450000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 420590 | റോഡ് പുനരുദ്ധാരണം (185/22) | 420590 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 160131 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (66/22) | 160131 | 0 |
| ആകെ | | 38,06,721 | ആകെ | 38,06,721 | 0 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | തൻ വർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഹഡ്കോ ലോൺ (KURDFC) വഴി ലഭിച്ചത്) | ജി.ഒ (എം.എസ്) 68/2018 /ത.സ്വ.ഭ.വ, തീയതി. 18.5.2018 | 60,80,000 | 1,00,93,333 | 1921333 | - | 1,42,52,000 |

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

സമാഹൃത റിപ്പോർട്ടിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളൊന്നും ഇല്ല.

4-9 ചാർജ്-സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 67470259 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 70853394 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 16,63,871 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 6600 | ശ്രീമതി. മോളിക്കുട്ടി വി. എ, (എച്ച്. എം) |
| 1-16 | 16,57,271 | ശ്രീമതി. ജയശ്രീ ആർ, സെക്രട്ടറി |
| ആകെ | 16,63,871 | |

(സി) കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ

ഇല്ല.

(ഡി) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ജയശ്രീ ആർ, സെക്രട്ടറി | സെക്രട്ടറി, കീരമ്പാറ ഗ്രാമപഞ്ചായത്ത് | കോലത്തായികോട്ടിൽ വീട്, തൃക്കാരിയൂർ പി ഒ, കോതമംഗലം |
| ശ്രീമതി. മോളിക്കുട്ടി വി. എ, (എച്ച്. എം) | എച്ച്. എം, ജി.യു.പി.എസ്, കീരമ്പാറ | ആറ്റുപുറം (H), എെരൂർപാടം പി.ഒ, ഉപ്പുകണ്ടം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നുള്ള ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1990-91,91-92,92-93 | എൽ.എഫ്.ഇ.പി1.253/95/തീയതി :13.10.1995 |
| 1996-97 | എൽ.എഫ്.ഇ.പി1.1196/1997തീയതി :06.07.1998 |
| 1997-98(ചെലവ്) | എൽ.എഫ്.ഇ.പി1.1231/98തീയതി :12.05.1999 |
| 1997-98(വരവ്) | എൽ.എഫ്.ഇ.പി1.1651/99/തീയതി :05.07.2000 |
| 1998-99 മുതൽ 2001-02 വരെ | എൽ.എഫ്.ഇ.പി1.673/2004തീയതി : 08.04.2005 |
| 1999-2000 | എൽ.എഫ്.ഇ.പി.7. 09/2008 തീയതി : 09.02.2009 |
| 2001-02 | എൽ.എഫ്.ഇ.പി.7. 11/2008 തീയതി : 09.02.2009 |
| 2003-04 | എൽ.എഫ്.ഇ.പി.7. 13/2008 തീയതി : 09.02.2009 |
| 2004-05 | എൽ.എഫ്.ഇ.(പി7) 857/2010 തീയതി :04.06.2011 |
| 2005-06 | എൽ.എഫ്.ഇ.(പി7). 858/2010തീയതി :04.01.2011 |
| 2006-07 | എൽ.എഫ്.ഇ.(പി7). 191/12 തീയതി : 21.04.2012 |
| 2007-08 | എൽ.എഫ്.ഇ.(പി7). 192/12 തീയതി : 21.04.2012 |
| 2008-09 | എൽ.എഫ്.ഇ.(പി7). 193/12 തീയതി : 21.04.2012 |
| 2009-10 | എൽ.എഫ്.ഇ.(പി7). 194/12 തീയതി : 21.04.2012 |
| 2010-11, 11-12 | എൽ.എഫ്.ഇ.(പി7). 1698/13 തീയതി : 23.10.2013 |
| 2012-13, 13-14 | എൽ.എഫ്.ഇ.(പി7). 648/1 തീയതി : 08.06.15/ 22.07.15 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം. (പി 7)1320/2016 തീയതി 3.8.16 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം. (പി 14)177/2017തീയതി 06.02.17 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം.(പി 14)1415/2017 തീയതി 26.07.17/28.09.17 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം.(പി 14) 1415/2017 തീയതി 26.07.17/28.09.17 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം.(പി 14) 258/2020 തീയതി 18.03.2020 |
| 2019-20 | കെ.എസ്.എ-ഇ.കെ.എം.(പി 14) 1552/2021 തീയതി 12.01.2021 |
| 2020-21 | കെ.എസ്.എ-ഇ.കെ.എം.(പി 14) 1553/2021 തീയതി 05.02.2022 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്